<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1042

08.01.2014 ൽ മറുപടിക്ക്

## വിസ ഓൺ അറൈവൽ

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. കെ.ശിവദാസൻ നായർ**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. പി.എ. മാധവൻ**<br>**ശ്രീ. കെ.അച്ചുതൻ** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോയെന്ന് സംസ്ഥാന സർക്കാരിന് അറിയുമോ ; | എ) സംസ്ഥാന സർക്കാരിന്റെ അറിവോടെയാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |
| ബി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>സി) ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്ര മാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ ;<br><br>ഡി) പ്രസ്തുത സംവിധാനത്തിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ? | ബി) യും സി) യും ഡി) യും<br><br>കേരളത്തിലേയ്ക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവിനെ പ്രോത്സാഹിപ്പിക്കുകയും അതുവഴി വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ ഉണർവ് പകരുകയുമാണ് ലക്ഷ്യം.<br><br>ജപ്പാൻ, സിംഗപ്പൂർ, ഫിൻലന്റ്, ലക്സംബർഗ്, ന്യൂസിലന്റ്, ഫിലിപ്പൈൻസ്, കമ്പോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമർ, ഇന്തോനേഷ്യ എന്നീ 11 രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾക്കാണ് ഈ സൗകര്യം ഉപയോഗിക്കാൻ അവസരമുള്ളത്.<br><br>മേൽ സൂചിപ്പിച്ച രാജ്യങ്ങളിൽ നിന്നുള്ള കുറഞ്ഞത് ആറ് മാസത്തെ പാസ്പോർട്ടുള്ള സഞ്ചാരികൾക്ക്, 60 യു.എസ്.ഡോളർ ചെലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇത് വിനോദ സഞ്ചാര സംബന്ധമായ കാര്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. വിനോദ സഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് |

വിസ ലഭ്യമാക്കുകയും ഇതുവഴി 2021 ഓടെ 30 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് പിന്തുണ നൽകുകയുമാണ് ഉദ്ദേശിക്കുന്നത്.

ഇതുവരെയും അധികം കടന്നു ചെല്ലാത്ത ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുക, ഇതോടൊപ്പം ഭാവിയിൽ ഈ വിപണികളിൽ നിന്നുള്ള കൂടുതൽ സഞ്ചാരികളെ വിവിധ പ്രചരണ തന്ത്രങ്ങൾ വഴി കേരളത്തിലേക്കാകർഷിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. ഇപ്പോൾ തന്നെ മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2013-ൽ ജപ്പാനിലെ '**Japan Association of Travel Agents (JATA)**' ഫെയറിൽ കേരള ടൂറിസം പങ്കെടുക്കുകയുണ്ടായി. 2014 ജനുവരിയിൽ ഫിൻലാൻഡിലെ '**MATKA** ട്രാവൽ' ഫെയറിൽ പങ്കെടുക്കുന്നുണ്ട്. സോഷ്യൽ മീഡിയ വഴി വിസ ഓൺ അറൈവൽ എന്ന ആശയത്തെ മുൻനിർത്തി ഒരു പ്രത്യേക പ്രചാരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതോടൊപ്പം മേൽപ്പറഞ്ഞ രാജ്യങ്ങളിൽ അടുത്ത സാമ്പത്തിക വർഷം മുതൽ വിവിധ പ്രചരണ പരിപാടികളും സംഘടിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. മാത്രവുമല്ല കൂടുതൽ വിദേശ രാജ്യങ്ങളിലെ പൗരന്മാർക്ക് ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് ശ്രമങ്ങൾ നടത്തുന്നതാണ്.

വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം, വളർച്ചാ നിരക്ക് എന്നിവയിലുള്ള ക്രമാനുഗതമായ വർദ്ധനവും, അതുവഴി കൂടുതൽ വിദേശ നാണ്യ വരുമാനം നേടുന്നതിനും സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ